ജനമൈത്രി എക്സൈസ്

7 (*157) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവത്ക്കരണം നടത്തുവാനും എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി, ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മദ്യ-മയക്കു മരുന്നുകളുടെ ഉപഭോഗംമൂലം ഉണ്ടാകുന്ന ദുഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി "ലഹരി മുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയും, അതൊടൊപ്പം മദ്യ-മയക്കു മരുന്നുകളുടെ ഉത്പ്പാദനവും, വിപണനവും ഇല്ലായ്മ ചെയ്യുന്നതിന് ജനങ്ങളുടെ സഹകരണം ഉറപ്പാക്കി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് പരിശ്രമിക്കുക എന്ന ലക്ഷ്യമാണ് "ജനമൈത്രി എക്സൈസ്" കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാര പരിധിയിലുള്ള സന്നദ്ധ സംഘടനകളെ കോർത്തിണക്കിക്കൊണ്ട് വ്യാജമദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉൽപ്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ടി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മേൽനോട്ടം വഹിക്കുകയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ

LIBRARY ARCHIVES Kerala Legislative Assembly

തലത്തിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എത്തിക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ, ലഘുചിത്രപ്രദർശനങ്ങൾ, ലഘുലേഖവിതരണം എന്നീ പരിപാടികൾ നടത്തുകയും, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ളബുകളിലൂടെയും, എൻ.എസ്.എസ്, എസ്.പി.സി. എന്നിവയിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിനു പുറമേ കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നീ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു.

(ഡി) ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പതിനഞ്ചംഗ ഉദ്യോഗസ്ഥരെ നിയമിച്ച് ജനമൈത്രി എക്സൈസ് എന്ന പേരിൽ ഒരു കർമ്മസേന അട്ടപ്പാടിയിൽ ഇതിനോടകംതന്നെ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു.

സാമൂഹിക സുരക്ഷാ സെസ്

8 (*158) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സെസ്സ് ഏർപ്പെടുത്താനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെസ്സ് ഏർപ്പെടുത്തുന്നതുമൂലം എന്തെല്ലാം അധിക സൗകര്യങ്ങൾ യാത്രക്കാർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായി എത്ര വീതം സെസ്സാണ് പിരിക്കുന്നതെന്ന് വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ്സ് ഏർപ്പെടുത്തുന്നതിലേക്കായി, 15 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്ക് നോട്ടിഫിക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly